"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർ സെക്കന്ററി സ്കൂളിലെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3454/2026/GEDN**                    തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊവിവ തീയതി 01/06/2024.
2. പാലക്കാട് തച്ചമ്പാറ ദേശബന്ധു ഹയർ സെക്കന്ററി സ്കൂൾ മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ച 05/06/2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/08/2025 തീയതിയിലെ DEOMKD/328/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/08/2025 തീയതിയിലെ ഇഎം1/17110/2025/ഡി.ജി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ദേശബന്ധു ഹയർ സെക്കണ്ടറി സ്കൂളിന്റെ 01/01/2023 ലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാത്ത മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്കെതിരെ സ്കൂൾ മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. അപ്രകാരം സ്കൂൾ മാനേജർ, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളുമായി 06/10/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

2. **ഹർജിവിഷയം ഇപ്രകാരമായിരുന്നു:**

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഭരണാധികാര പരിധിയിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് പദവിയുള്ള ദേശബന്ധു ഹൈസ്കൂൾ വസ്തുവകകളും സ്കൂൾ മാനേജ്മെന്റും, സ്കൂൾ മാനേജരും ഉടമസ്ഥനും ആയിരുന്ന ശ്രീ.എം.പി ഭാസ്കരൻ തിരുമുൽപ്പാട് എന്നവരിൽ നിന്നും വത്സൻ മഠത്തിൽ എന്ന എന്റെ പേരിലേക്ക് കൈമാറുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/10/2008-ലെ EM5/48685/08/DPI/KDis ഉത്തരവ് പ്രകാരം അനുമതി നൽകുകയും ആയത് പ്രകാരം സ്കൂളിന്റെ വസ്തുവകകളും മാനേജ്മെന്റും മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 3545/2008 നമ്പർ തീറാധാര പ്രകാരം ശ്രീ. എം.പി

ഭാസ്കരൻ തിരുമുൽപ്പാട് എന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്തു നൽകുകയും സ്കൂൾ മാനേജ്മെന്റ് കൈമാറ്റം 18/11/2008-ലെ K.Dis/B6/3378/08 ഉത്തരവ് പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നല്കുകയുമുണ്ടായി.

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലെ സ്കൂളുകൾ വിഭജിച്ച് മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസ് ആരംഭിച്ചതിൽ പിന്നെ മേപ്പടി വിദ്യാലയം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ ആണ് പ്രവർത്തിച്ചു വരുന്നത്. കെ.ഇ.ആർ അദ്ധ്യായം III റൂൾ 1(i) പ്രകാരമുള്ള ഇൻഡിവിജ്വൽ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ആണ് ദേശബന്ധു ഹൈസ്കൂളിന്റെ മാനേജർ ആയി എന്നെ അംഗീകരിച്ചിട്ടുള്ളത്.

ദേശബന്ധു ഹൈസ്കൂൾ കൈമാറുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/10/2008-ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുമതി നൽകിയിട്ടുള്ളതും മേപ്പടി സ്കൂൾ മാനേജരായി എന്നെ 18/11/2008-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതും വ്യക്തിഗത മാനേജർ എന്ന നിലയിലാണ്.

ദേശബന്ധു ഹൈസ്കൂൾ മാനേജർ ആയി എനിക്ക് അംഗീകാരം നൽകിയ വേളയിൽ കണ്ണൂർ നോർത്ത് ഉപജില്ലയിലെ വാരം യു.പി. സ്കൂൾ, എളയാവൂർ സെൻട്രൽ എൽ.പി.സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ മാനേജർ ആയി ഞാൻ പ്രവർത്തിച്ചു വന്നിരുന്നു. പ്രസ്തുത രണ്ട് വിദ്യാലയങ്ങൾ കോമൺ സീനിയോറിറ്റി അനുസരിച്ചാണ് പ്രവർത്തിച്ചു വരുന്നത്.

2008 മുതൽക്ക് ദേശബന്ധു ഹൈസ്കൂൾ ജീവനക്കാരുടെ സീനിയോറിറ്റി മാത്രം പരിഗണിച്ചാണ് സ്ഥാനക്കയറ്റ നിയമനങ്ങളും മറ്റും അംഗീകരിച്ചിട്ടുള്ളത്. ദേശബന്ധു ഹൈസ്കൂൾ, ദേശബന്ധു ഹയർസെക്കന്ററി ആയി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത് 2010-ൽ ആയിരുന്നു. ഹയർസെക്കന്ററി വിഭാഗത്തിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾ നടത്തിയിട്ടുള്ളത് ദേശബന്ധു ഹൈസ്കൂളിനെ ഏക യൂണിറ്റായി കണക്കാക്കിയാണ്. ദേശബന്ധു ഹയർസെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റ് കാലാകാലങ്ങളിൽ യാതൊരു തർക്കവും ഇല്ലാതെ അംഗീകരിച്ചിട്ടുള്ളതാണ്.

1.1.2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചപ്പോൾ ആയത് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരിക്കുകയാണ്. ടി ഉത്തരവിനെതിരെ സമർപ്പിച്ച റിവിഷൻ 4/4/25-ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിരിക്കുകയാണ്. ഭിന്നശേഷി റോസ്റ്റർ തയ്യാറാക്കിയിട്ടുള്ളത് എന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് വിദ്യാലയങ്ങളെ കൂടി പരിഗണിച്ചാണ് എന്നതാണ് കാരണമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. തൊഴിൽ ദാതാവിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ഏക യൂണിറ്റായി കണക്കാക്കിയാണ് ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്.

പ്രസ്തുത വിഷയത്തിൽ ബഹു. കോടതിയുടെ ഡിവിഷൻ ബെഞ്ച് Kesavakurup Vs State of Kerala (1988(1)KLT-77) കേസിൽ വിധിന്യായം പ്രസ്താവിച്ചിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിലെ വാരം യു.പി. സ്കൂൾ, എളയാവൂർ സെൻട്രൽ എൽ.പി. സ്കൂൾ, പാലക്കാട് ജില്ലയിലെ

ദേശബന്ധു എച്ച്.എസ്.എസ് എന്നീ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ സ്കൂൾ മാനേജരായ എന്റെ അഭിപ്രായവും തീരുമാനവും പ്രസ്തുത വിദ്യാലയങ്ങൾ പ്രത്യേകം പ്രത്യേകം യൂണിറ്റായി നിലനിർത്തണമെന്നുള്ളതാണ്. ഈ വസ്തുതകൾ പരിഗണിക്കാതെയും എന്നെ നേരിൽ കേൾക്കാതെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഡയറക്ടറുടെ നടപടി സാമാന്യ നീതിക്ക് നിരക്കാത്തതാണ് എന്ന് ബോധിപ്പിക്കുന്നു.

പ്രധാന അദ്ധ്യാപക സ്ഥാനക്കയറ്റങ്ങളും മറ്റ് നിയമനങ്ങളും വർഷങ്ങളായി അംഗീകരിക്കാത്ത സ്ഥിതിയാണ് നിലവിൽ സംജാതമായിട്ടുള്ളത്. ദേശബന്ധു ഹയർസെക്കന്ററി സ്കൂൾ എന്ന സ്ഥാപനം ഒരു സിംഗിൾ യൂണിറ്റായി പ്രവർത്തിക്കുന്നത് കണക്കിലെടുത്ത് സ്കൂളിലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്നതിനും നിയമനങ്ങൾ അംഗീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് സവിനയം അപേക്ഷിക്കുന്നു".

**3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ സമർപ്പിച്ചിരുന്ന വാദം ഇപ്രകാരമായിരുന്നു :**

തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിലെ 1.1.2023 തീയതി പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകാരത്തിനായി മാനേജർ 24/7/23-ൽ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ചതിൽ നിന്നും ടി സ്കൂളിൽ 1.1.2016 ലാണ് അവസാനമായി സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടുള്ളത്. തുടർന്ന് വരുന്ന വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയതു സമർപ്പിക്കാതെ 1.1.2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റാണ് സമർപ്പിച്ചിരുന്നത്. ആയതുമായി ബന്ധപ്പെട്ട് സമന്വയയിൽ റോസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യത്യസ്ത റവന്യൂ ജില്ലകളിലായി താഴെ പറയുന്ന 6 വിദ്യാലയങ്ങൾ ഇതേ മാനേജ്മെന്റിന് കീഴിൽ ഉള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി സീനിയോറിറ്റി ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആണ് അംഗീകരിക്കേണ്ടത് എന്നതിനാൽ ആയത് അറിയിച്ച് കൊണ്ട് 30/09/2023 തീയതിയിലെ DEOMKD/1686/2023-B4 നമ്പർ കത്ത് പ്രകാരം പ്രസ്തുത ലിസ്റ്റ് മടക്കി നൽകിയിരുന്നു.

| No | School code | School name | Sub District | Education District | District |
|---|---|---|---|---|---|
| 1 | 13309 | Elayavoor Central L.P School | Kannur North | Kannur | Kannur |
| 2 | 13367 | Koyyod Madrasa U.P School | Kannur North | Kannur | Kannur |
| 3 | 13386 | Varam U.P School | Kannur North | Kannur | Kannur |
| 4 | 20353 | A.U.P.S Adakkaputhur | Cherppulassery | Mannarkkad | Palakkad |
| 5 | 21080 | D.B.H.S Thachampara | Mannarkkad | Mannarkkad | Palakkad |
| 6 | 21843 | C.S.M.A.L.P.S | Mannarkkad | Mannarkkad | Palakkad |

| | | | | | |
|---|---|---|---|---|---|
| | | Edaikkal | | | |

സീനിയോറിറ്റി ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിക്കണമെന്ന് കാണിച്ച് മടക്കി നൽകിയെങ്കിലും മാനേജർ പ്രസ്തുത മാനേജ്മെന്റിന് കീഴിലുള്ള എല്ലാ സ്കൂളുകളും ഇൻഡിവിജ്വൽ എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിലാണെന്നും, എല്ലാ സ്കൂളുകളും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും കോമൺ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ മാനേജർ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ 1.1.2023-ലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചു നൽകുന്നതിന് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു.

കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV A rule 36A പ്രകാരം ഒരു വിദ്യാഭ്യാസ ഏജൻസി മറ്റൊരു വിദ്യാലയം ഏറ്റെടുക്കുമ്പോൾ തന്നെ ആ സ്കൂൾ പ്രത്യേകം യൂണിറ്റായി നിൽക്കുന്നതിനായി ഓപ്ഷൻ നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതുണ്ടെന്നു കാണുന്നു. അങ്ങിനെ വാങ്ങിയിട്ടില്ലെങ്കിൽ ഇന്റഗ്രേറ്റഡ് സ്റ്റാഫ് സീനിയോറിറ്റി ലിസ്റ്റ് ആണ് തയ്യാറാക്കേണ്ടത്. അങ്ങനെ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കാൻ മാനേജരോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയത് സമർപ്പിക്കാത്തതിനാൽ സ്കൂളുകൾ പ്രത്യേകം യൂണിറ്റായി നിൽക്കുന്നതിനായി ഓപ്ഷൻ നൽകി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി വാങ്ങിയതായി കാണുന്നില്ല. ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി വാങ്ങിയ ശേഷം അപേക്ഷ പുനർസമർപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകി അപേക്ഷ മടക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

ടി വിഷയവുമായി ബന്ധപ്പെട്ട് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. സീനിയോറിറ്റി സംബന്ധമായ വിഷയത്തിൽ ഇൻഡിവിജ്വൽ സ്റ്റാറ്റസ് ആണെന്ന് അവകാശപ്പെടുന്ന മാനേജർ ഭിന്നശേഷി സംവരണത്തിൽ എല്ലാ സ്കൂളുകളെയും ഒറ്റ യൂണിറ്റായി കണക്കാക്കി റോസ്റ്റർ സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ സ്കൂളിനും വെവ്വേറെ റോസ്റ്റർ സമർപ്പിക്കാത്തിടത്തോളം ഇൻഡിവിജ്വൽ സ്റ്റാറ്റസ് തെളിയിക്കാനാവില്ല എന്നതിനാൽ നിരസിച്ചു ഉത്തരവായിരുന്നു. മുകളിൽ പരാമർശിച്ച നിർദ്ദേശം പാലിച്ച് അപേക്ഷ പുനർസമർപ്പിക്കുന്ന മുറയ്ക്കും കൂടാതെ മുൻ വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്കും മാത്രമേ 1.1.2023 വർഷത്തെ സീനിയോറിറ്റി പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരവും അറിയിച്ചിരിക്കുന്നു.

4 . പുന:പരിശോധന ഹർജിയിലെ വിഷയം വിദ്യാഭ്യാസ ഓഫിസർമാർ സമർപ്പിച്ചിരുന്ന റിപ്പോർട്ടുകൾ, ഹിയറിങ് വേളയിൽ സ്കൂൾ മാനേജർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പ്രതിനിധികൾ സമർപ്പിച്ചിരുന്ന വിശദാംശം, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. KER Chapter 3 rule 1 പ്രകാരം "Corporate Educational agency shall include cases where the right is vested in (a) two or more persons jointly with written registered agreement (b)

a Board or society or Association or company or institution registered under a statute or created by a statute(c) an institution of trust and (d) an ecclesiastical office of any religious denomination"എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഭാഗത്തിലൊന്നും ഉൾപ്പെട്ടതായി റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാലും 25/10/2008 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ദേശബന്ധു ഹയർ സെക്കന്ററി സ്കൂളിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെ മാനേജ്മെന്റ് അപേക്ഷകന് കൈമാറി നൽകിയിരുന്നത് 18/11/2008-ലെ DEO യുടെ നടപടിക്രമം പ്രകാരം അംഗീകരിക്കുകയായിരുന്നു എന്നതിനാലും ടി Educational Agency-യെ individual Educational Agency എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ KER Chapter XIV A Clause 36(A) യുടെ proviso പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട സ്കൂളിനെ separate unit ആയി കണക്കാക്കേണ്ടതുണ്ടെങ്കിൽ സ്കൂൾ കൈമാറ്റം നടക്കുന്നതിനു മുൻപ് തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി നേടിയിരിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു. ഇവിടെ മാനേജ്മെന്റ് കൈമാറ്റം അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരിക്കുന്ന പാലക്കാട് DEO യുടെ 18/11/2008-ലെ നടപടിക്രമം പ്രകാരം "The transferee Manger will abide all the rules and regulations stipulated in KEA&R" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒന്നിലധികം റവന്യൂ ജില്ലകളിൽ ടി മാനേജ്മെന്റിന് സ്കൂളുകൾ ഉണ്ടെന്നിരിക്കെ ടി സ്കൂളിനെ separate unit ആയി കണക്കാക്കുന്നതിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരം തേടാതിരുന്നതിലൂടെ KER Chapter 3, rule 9(1) സ്കൂൾ മാനേജർ ലംഘിച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്. എന്നാൽ ഭിന്നശേഷി സംവരണ നിയമനത്തിനായി ഒന്നോ അതിൽ കൂടുതലോ സ്കൂളുകളുള്ള സിംഗിൾ/ കോർപ്പറേറ്റ് മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക്ലോഗ് കണക്കാക്കേണ്ടതാണെന്നു 25/6/22-ലെ G.O(Ms) No 111/2022/G.Ed clause(11) പ്രകാരം വ്യവസ്ഥ ചെയ്യിരിക്കുകയാൽ മാനേജർ ഭിന്നശേഷി സംവരണത്തിൽ എല്ലാ സ്കൂളുകളെയും ഒറ്റ യൂണിറ്റായി കണക്കാക്കി റോസ്റ്റർ സമർപ്പിച്ച നടപടി ക്രമപ്രകാരമാണെന്നു കാണാവുന്നതാണ്. 2008 മുതൽക്ക് ദേശബന്ധു ഹൈസ്കൂൾ ജീവനക്കാരുടെ സീനിയോറിറ്റി മാത്രം പരിഗണിച്ചാണ് സ്ഥാനക്കയറ്റ നിയമനങ്ങളും മറ്റും അംഗീകരിച്ചിട്ടുള്ളത് എന്നും ദേശബന്ധു ഹൈസ്കൂൾ, ദേശബന്ധു ഹയർസെക്കന്ററി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യിട്ടുള്ളത് 2010-ൽ ആയിരുന്നു എന്നും ഹയർസെക്കന്ററി വിഭാഗത്തിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾ നടത്തിയിട്ടുള്ളത് ദേശബന്ധു ഹൈസ്കൂളിനെ ഏക യൂണിറ്റായി കണക്കാക്കിയാണ് എന്നും ദേശബന്ധു ഹയർസെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റ് കാലാകാലങ്ങളിൽ യാതൊരു തർക്കവും ഇല്ലാതെ അംഗീകരിച്ചിട്ടുള്ളതാണ് എന്നും സൂചിപ്പിച്ചിരിക്കുന്നതിലൂടെ individual status ചട്ടപ്രകാരം ലഭ്യമായിരുന്നില്ലെങ്കിലും 2016 വരെ അപ്രകാരം അനുവദിച്ച് നല്കിയിരുന്നു എന്നാണ് വ്യക്തമാകുന്നത്. 2017 മുതലുള്ള വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയതു സമർപ്പിക്കാതിരുന്നതിലൂടെ അതതു വർഷം ഒരു സ്കൂളിന്റെ supplementary list തയ്യാറാക്കി May 31-നകം അംഗീകാരത്തിനായി സമർപ്പിച്ചിരിക്കണമെന്ന KER വ്യവസ്ഥ സ്കൂൾ മാനേജർ ലംഘിക്കുകയാണ് ചെയ്യിരിക്കുന്നത്. ടി സ്കൂളിലെ സീനിയോറിറ്റി ലിസ്റ്റ് 2008 മുതൽ 2016 വരെ അംഗീകരിച്ചിരുന്നതു individual status നല്കിക്കൊണ്ടായിരുന്നുവെന്നതും ഒന്നിലധികം റവന്യൂ ജില്ലകളിലായി ടി മാനേജ്മെന്റിന് കൈവശമുള്ള 6 സ്കൂളുകളെയും ഉൾപ്പെടുത്തി common seniority list തയ്യാറാക്കുക എന്നത്

ദുഷ്കരമായ പ്രവർത്തിയാകുമെന്നതിനാലും ഒരു സ്കൂളിനെ single unit ആയി കണക്കാക്കപ്പെടണമെങ്കിൽ സ്കൂൾ കൈമാറുന്നതിന് മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി തേടിയിരിക്കണമെന്ന വ്യവസ്ഥ {KER Chapter XIV A Clause 36(A)}യിൽ ഇളവ് നൽകേണ്ടതുണ്ട്.

5. മേൽ സാഹചര്യത്തിൽ, ഒരു വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂൾ മറ്റൊരു വിദ്യാഭ്യാസ ഏജൻസിയിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ പ്രസ്തുത സ്കൂളിനെ പ്രത്യേക യൂണിറ്റായി പരിഗണിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും മുൻകൂർ അനുമതി തേടണമെന്ന KER Chapter XIV A Rule 36(A)-യിലെ വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ട് മണ്ണാർക്കാട് തച്ചമ്പാറ ദേശബന്ധു ഹയർ സെക്കന്ററി സ്കൂളിനെ single unit ആയി കണക്കാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതിന് സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ടു പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ല വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് - 678 593.
ശ്രീ. വത്സൻ മഠത്തിൽ, മാനേജർ, ദേശ ബന്ധു ഹയർ സെക്കണ്ടറി സ്കൂൾ, തച്ചമ്പാറ, പാലക്കാട് - 678 593.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ. എ.) വകുപ്പ് (21/03/2026 തീയതിയിലെ GE-JA3/12/2026-G.EDN നമ്പർ കുറിപ്പ്)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ (GEDN-B3/150/2025-G.EDN).

ഉത്തരവിൻ പ്രകാരം
Signed by
Indulekha C
സെക്ഷൻ ഓഫീസർ
Date: 21-05-2026 15:41:32